Reg. No. | | | | | | | | | |

**BASMLL 281/HRDMLL 281/BSWMLL 281/BCAMLL 281/FNDMLL 281/ BFTMLL 281/BSCMLL 281/BIDMLL 281/BFDMLL 281**

**Choice Based Credit System IV Semester B.A./B.A.(HRD)/B.S.W./B.C.A./ B.Sc.(FND)/B.Sc.(FT)/B.Sc./B.Sc.(ID&D)/B.Sc.(FD) Examination, September 2022 (2020-21 Batch Onwards) MALAYALAM**

Time : 3 Hours Max. Marks : 80

I. **ഒന്നോ രണ്ടോ** വാക്യത്തിൽ ഉത്തരമെഴുതുക. **(8×1=8)**

1) ഗംഗയെ ഭൂമിയിലേക്ക് കൊണ്ടു വന്നതാരാണ് ?

2) ആരാണ് മണി അടിച്ചത് ?

3) മുത്തശ്ശി എന്ന കവിത രചിച്ചതാരാണ് ?

4) കൂട്ടുകാർ കഥകളിക്കാരനെ കൈവിട്ടതെപ്പോഴാണ് ?

5) മനസ്വിനിയുടെ മുടി അഴകിനെ കവി എങ്ങനെയാണ് വർണ്ണിച്ചിരിക്കുന്നത് ?

6) ജോസഫ് മുണ്ടശ്ശേരിയുടെ ആത്മകഥയുടെ പേരെന്ത് ?

7) കാഞ്ചനസീത എഴുതിയതാര് ?

8) 'മല്ലൂർക്കയമിനിച്ചൊല്ലുമാത്രം മല്ലൂരെ
ത്തേവർ തെരുവുദൈവം' ആരുടെ വരികളാണ് ?

II. **മൂന്നെണ്ണം** വ്യാഖ്യാനിക്കുക. **(3×3=9)**

9) നൽക്കളിക്കോപ്പുനുറുങ്ങുകൾ ബുദ്ധിതൻ
പൊക്കമളന്നിട്ട കൈപ്പടകൾ
അമ്മയ്ക്കിവയെത്താൻ ലാളിയ്ക്കാനേകി, യാ
ക്കർമ്മക്കളിമുറ്റം പൂകിയോരെ!

10) കേളിയാടിനാൾ പണ്ടീഗ്ഗിരിയിൽ ചിരകാലം
കാളിദാസോല്ലാളിത കവിതാ കളകണ്ഠി

P.T.O.

11) പല പല രമണികൾ വന്നു വന്നവർ
പണമെന്നോതി നടുങ്ങീ ഞാൻ
പല പല കമനികൾ വന്നു വന്നവർ
പദവികൾ വാഴ്ത്തി നടുങ്ങീ ഞാൻ

12) എന്നിലെ കന്യകാത്വത്തെ
നശിപ്പിച്ച നരാധമാ
നീ മരിയ്ക്കും നിനക്കെന്നിൽ
ജനിയ്ക്കും പെൺകിടാവിനാൽ

III. **മൂന്നു** ചോദ്യങ്ങൾക്ക് **ഓരോ** പുറത്തിൽ വീതം കവിയാതെ ഉത്തരമെഴുതുക.

**(3×3=9)**

13) മുണ്ടശ്ശേരിക്ക് സ്കൂൾ പഠനകാലത്തെ അദ്ധ്യാപകരെ മറക്കാൻ പറ്റാത്തതെന്തുകൊണ്ട് ?

14) ഡോ. ശങ്കുണ്ണി മേനോൻ മുണ്ടശ്ശേരിയുടെ ജീവിതത്തെ മാറ്റിമറിച്ചതെങ്ങനെ ?

15) സാഹിത്യരംഗത്ത് ഈഴവരും ക്രിസ്ത്യാനികളും നേരിട്ട അവഗണന വ്യക്തമാക്കുക.

16) മുണ്ടശ്ശേരി വായനയുടെയും പ്രസംഗത്തിന്റെയും ലോകത്തിൽ ആത്മ വിശ്വാസം നേടിയെടുത്തതെങ്ങനെ ?

IV. **മൂന്നു** പുറത്തിൽ കവിയാതെ **രണ്ട്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **(2×10=20)**

17) പരസ്ഥിതി പ്രാധാന്യമുള്ള കവിതയാണ് 'കുറ്റിപ്പുറം പാലം'. വിശദമാക്കുക.

18) പശ്ചാത്താപത്തീയിൽ ദഹിച്ച ശേഷം വിജയത്തിന്റെ നവലോകത്തിലേക്ക് ഉൽപതിക്കുന്നതിന്റെ പ്രത്യാശാ പ്രകാശമാണ് 'കളിയച്ഛൻ' എന്ന കവിതയുടെ ജീവൻ. സ്പഷ്ടമാക്കുക.

19) 'അമ്പലമണി' കാവ്യലോകത്തിന്റെ ഇടർച്ചയും സമൂഹത്തിന്റെ മൂല്യ ത്തകർച്ചയും സൂചിപ്പിക്കുന്ന കവിതയാണോ എന്ന് പരിശോധിക്കുക.

V. **മൂന്ന് പുറ**ത്തിൽ കവിയാതെ **രണ്ട്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **(2×10=20)**

20) തൃശൂർ സെന്റ് തോമസ് കോളേജിൽ അദ്ധ്യാപകനായിരുന്നപ്പോഴുള്ള മുണ്ടശ്ശേരിയുടെ അനുഭവങ്ങൾ എഴുതുക.

21) അന്നന്നത്തെ ഈശന്മാരെ തൊഴുതു കാര്യം നേടലാണ് നമ്മുടെ പല അച്ചന്മാരുടെയും രാഷ്ട്രീയം എന്ന് മുണ്ടശ്ശേരി പറയാനുള്ള കാരണമെന്ത് ?

22) മുണ്ടശ്ശേരിയുടെ ഇന്റർമീഡിയറ്റ് പഠനകാലത്തെ അദ്ധ്യാപകരെയും സഹപാഠികളെയും കുറിച്ച് കുറിപ്പെഴുതുക.

VI. **ഒരു** ചോദ്യത്തിന് **മൂന്നു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. **(1×10=10)**

23) അശ്വമേധ സമയത്ത് രാമന്റെ മനസ്സിലുണ്ടായ സംഘട്ടനങ്ങൾ വിവരിക്കുക.

24) ലക്ഷ്മണന്റെയും ഭരതന്റെയും സ്വഭാവസവിശേഷതകൾ താരതമ്യം ചെയ്യുക.

VII. **രണ്ടു** പുറത്തിൽ കവിയാതെ ഉപന്യസിക്കുക. **(1×4=4)**

25) ഔദ്യോഗിക ജീവിതത്തിൽ നിങ്ങൾ ആരായിത്തീരണം എന്നതിനെക്കുറിച്ച്.

**അല്ലെങ്കിൽ**

26) നിങ്ങൾ സ്വപ്നം കാണുന്ന ഇന്ത്യ.

---